REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-03-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയപരിധി ബിഹാർ ഒഴികെ സംസ്ഥാനങ്ങളിൽ ഇന്ന് അവസാനിക്കും.
- രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളത്തിലെ 20 ഉൾപ്പെടെ 89 ലോക്സഭാ സീറ്റുകളിലേക്കു തെരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ. നാമ നിർദേശ പത്രികാ സമർപ്പണവും നാളെ ആരംഭിയ്ക്കും.
- അർഹരായ മുഴുവൻ വിദ്യാർഥികളെയും വോട്ടർമാരാക്കിയ രാജ്യത്തെ ആദ്യ ജില്ല എന്ന ബഹുമതി കണ്ണൂരിന്.
- സദാനന്ദ് വസന്ത് ദത്തയെ NIA - ഡയറക്ടർ ജനറലായും പീയുഷ് ആനന്ദിനെ ദേശീയ ദുരന്ത നിവാരണ സേന തലവനായും നിയമിച്ചു.
- ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്-രിവാളിന്റെ ഇടക്കാല ജാമ്യ ഹർജി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും.
- IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസിനെ നേരിടും.

## വാർത്തകൾ വിശദമായി

**ഒന്നാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ സമയപരിധി ബിഹാർ ഒഴികെ സംസ്ഥാനങ്ങളിൽ ഇന്ന് അവസാനിക്കും. ബിഹാറിൽ**

നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ അവസാന തീയതി നാളെയാണ്.

രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന കേരളമുൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 ലോക്സഭാ സീറ്റുകളിലേക്കു തെരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. ഇതോടെ നാമ നിർദേശ പത്രികാ സമർപ്പണം ആരംഭിയ്ക്കും.

17 സംസ്ഥാനങ്ങളിലെയും ലക്ഷദ്വീപ് ഉൾപ്പെടെ നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 102 ലോക്സഭാ സീറ്റുകളിലേക്കാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. തമിഴ്നാട്, രാജസ്ഥാൻ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, അസം, മഹാരാഷ്ട്ര, ബിഹാർ, പശ്ചിമ ബംഗാൾ, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, ഛത്തീസ്ഗഡ്, മിസോറാം, നാഗാലാൻഡ്, സിക്കിം, ത്രിപുര, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ജമ്മു കശ്മീർ, പുതുച്ചേരി എന്നിവിടങ്ങളിലാണ് ആദ്യഘട്ടത്തിൽ വിധിയെഴുത്ത്. അടുത്തമാസം 19ന് വോട്ടെടുപ്പ് നടക്കും.

കേരളത്തിന് പുറമെ അസം, ബിഹാർ, ഛത്തീസ്ഗഡ്, കർണാടക, മധ്യപ്രദേശ്, മഹാരാഷ്ട്ര, മണിപ്പൂർ, രാജസ്ഥാൻ, ത്രിപുര, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, ജമ്മുകശ്മീർ എന്നിവിടങ്ങളിലാണ് രണ്ടാംഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക. അടുത്ത മാസം നാലു വരെ പത്രിക നൽകാം. അഞ്ചിനാണ് സൂക്ഷ്മ പരിശോധന. എട്ടിന് പത്രിക പിൻവലിക്കാൻ സമയപരിധി തീരുന്നതോടെ തെരഞ്ഞെടുപ്പ് ചിത്രം

വ്യക്തമാകും. അടുത്ത മാസം 26-നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിനാണ്.

✪✪✪

ലക്ഷദ്വീപ് ലോക്സഭാ മണ്ഡലത്തിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥി ഹംദുള്ളാ സെയ്ദ് നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു. കവരത്തി ദ്വീപിൽ റിട്ടേണിംഗ് ഓഫീസർ കൂടിയായ കലക്ടർ അർജുൻ മോഹന്റെ മുമ്പാകെയാണ് അദ്ദേഹം പത്രിക സമർപ്പിച്ചത്.

കക്ഷിരഹിത സ്ഥാനാത്ഥിയായി കൽപ്പേനി ദ്വീപ് സ്വദേശി K.കോയയും ഇന്ന് നാമ നിർദേശ പത്രിക സമർപ്പിച്ചു. NDA സ്ഥാനാർത്ഥിയായി NCP അജിത് പവാർ പക്ഷത്തിന്റെ യുസഫ് സഖാഫി ഇന്ന് പത്രിക സമർപ്പിക്കും. ഏപ്രിൽ 19 നാണ് വോട്ടടുപ്പ്.

✪✪✪

ശിവസേന മഹാരാഷ്ട്രയിൽ ലോക്സഭാ തെരഞ്ഞെടുപ്പിന് 17 മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. പാർട്ടി നേതാവ് സഞ്ജയ് റാവത്താണ് സ്ഥാനാർത്ഥി പട്ടിക മാധ്യമങ്ങൾക്ക് നൽകിയത്. പാർട്ടി നേതാവ് അനിൽ ദേശായി മുംബൈ സൗത്ത് സെൻട്രൽ മണ്ഡലത്തിൽ മത്സരിക്കുമെന്ന് സഞ്ജയ് റാവത്ത് X പോസ്റ്റിൽ കുറിച്ചു.

✪✪✪

പാലക്കാട് ലോക്സഭാ മണ്ഡലത്തിൽ പ്രചാരണത്തിന്റെ വെടിക്കെട്ടിനാണ് മുന്നണികൾ തിരികൊളുത്തിയിരിക്കുന്നത്.

ഇനി ഒരു മാസക്കാലം തിരഞ്ഞെടുപ്പുത്സവത്തിന്റെ വേനൽ കാഴ്ചകൾക്കായിരിക്കും മണ്ഡലം സാക്ഷിയാവുക.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......

.......വോയ്സ്......

✪✪✪

LDF വടകര പാർലമെന്റ് മണ്ഡലം സ്ഥാനാർഥി K.K.ശൈലജയുടെ പൊതു പര്യടന പരിപാടികൾക്ക് കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂരാട് ഇന്ന് തുടക്കമായി.

UDF സ്ഥാനാർത്ഥി ഷാഫി പറമ്പിൽ- ഗവ: കോളേജ് മൊകേരി സന്ദർശിച്ചാണ് പര്യടനം തുടങ്ങിയത്. വില്ല്യാപ്പള്ളി, എഞ്ചിനിയറിങ്ങ് കോളേജ് മണിയൂർ എന്നിവിടങ്ങളിൽ ക്യാംപസുകൾ സന്ദർശിക്കും.

NDA സ്ഥാനാർഥി C.R പ്രഫുൽ കൃഷ്ണൻ ചോമ്പാല ഹാർബർ, വിവിധ ഗവൺമെന്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ സന്ദർശിക്കും.

✪✪✪

അർഹരായ മുഴുവൻ വിദ്യാർഥികളെയും വോട്ടർമാരാക്കിയ രാജ്യത്തെ ആദ്യ ജില്ല എന്ന ബഹുമതി കണ്ണൂരിന്. സ്വീപ്പിന്റെ ഭാഗമായി കോളേജുകളിൽ നടത്തിയ ഊർജ്ജിത പ്രചരണത്തെ തുടർന്നാണ് ഈ നേട്ടം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ

...........വോയ്സ്............

✪✪✪

കാഴ്ച ശേഷി ഇല്ലാത്തവർക്ക് ലോക്സഭ തിരഞ്ഞെടുപ്പിൽ സ്വന്തമായി വോട്ട് ചെയ്യാൻ പരിശീലനം കണ്ണൂരിൽ പുരോഗമിക്കുന്നു. ഇന്ന് തോട്ടട സമാജ് വാദി കോളനിക്ക് സമീപത്തെ KFB ഓഫീസിൽ ആണ് പരിശീലനം.

സ്വതന്ത്രമായും തടസ്സ രഹിതമായും വോട്ടു ചെയ്യുന്നതിന് ബ്രയിലി ലിപി അടയാളപ്പെടുത്തിയ EVM, വിവിപാറ്റ് വോട്ടിംഗ് യന്ത്രം പരിചയപ്പെടുത്തുന്ന പരിശീലനമാണ് സ്വീപിന്റെ നേതൃത്വത്തിൽ നടക്കുന്നത്.

✪✪✪

മുതിർന്ന IPS ഉദ്യോഗസ്ഥൻ സദാനന്ത് വസന്ത് ദത്തയെ NIA - ഡയറക്ടർ ജനറലായി നിയമിച്ചു. 1990-ബാച്ച് IPS ഓഫീസറായ ഇദ്ദേഹം നിലവിൽ മഹാരാഷ്ട്ര തീവ്രവാദ വിരുദ്ധ സ്ക്വാഡിന്റെ തലവനാണെന്ന് കേന്ദ്ര പേഴ്സണൽ മന്ത്രാലയം അറിയിച്ചു.

ദേശീയ ദുരന്ത നിവാരണ സേനയുടെ തലവനായി ഉത്തർ പ്രദേശ് കേഡർ IPS ഉദ്യോഗസ്ഥൻ പീയുഷ് ആനന്ദിനെയും നിയമിച്ചു. നിലവിൽ ഇദ്ദേഹം CISF-ൽ സ്പെഷ്യൽ ഡയറക്ടർ ജനറലായി സേവനമനുഷ്ഠിക്കുകയാണ്. പൊലീസ് റിസർച്ച് ആന്റ് ഡവലപ്മെന്റ് ജനറൽ ഡയറക്ടറായി രാജീവ് കുമാർ

ശർമ്മയെയും നിയമിച്ചു. ഇദ്ദേഹം 1990 ബാച്ച് രാജസ്ഥാൻ കേഡറിലെ IPS ഉദ്യോഗസ്ഥനാണ്.

✪✪✪

ഡൽഹി മദ്യനയക്കേസിൽ എൻഫോഴ്സമെന്റ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്ത മുഖ്യമന്ത്രി അരവിന്ദ് കെജ്-രിവാളിന്റെ ഇടക്കാല ജാമ്യ ഹർജി ഡൽഹി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. ജസ്റ്റിസ് സ്വർണ കാന്ത ശർമ്മയുടെ ബെഞ്ചാണ് ഹർജി പരിഗണിക്കുക. കഴിഞ്ഞ 21-നാണ് കെജ്-രിവാളിനെ ED അറസ്റ്റ് ചെയ്തത്. പിറ്റേന്ന് വിചാരണ കോടതി ഈ മാസം 28 വരെ കെജ്-രിവാളിനെ ED-യുടെ കസ്റ്റഡിയിൽ വിടുകയായിരുന്നു.

✪✪✪

ഛത്തീസ്ഗഢിൽ സുരക്ഷാ സേന രണ്ട് വനിതകൾ ഉൾപ്പെടെ ആറ് മാവോയിസ്റ്റുകളെ വധിച്ചു. CRPF, കോബ്ര ബറ്റാലിയൻ, ഡിസ്ട്രിക്റ്റ് റിസർവ്വ് ഗാർഡ് എന്നിവയുടെ സംയുക്ത സംഘം ബീജാപൂർ വനമേഖലയിൽ തെരച്ചിൽ നടത്തുന്നതിനിടെ മാവോയിസ്റ്റുകളുമായി ഏറ്റുമുട്ടുകയായിരുന്നു. ഇവരിൽ നിന്ന് ആയുധങ്ങളും വെടിക്കോപ്പുകളും കണ്ടെടുത്തു. പ്രദേശത്ത് തെരച്ചിൽ തുടരുകയാണ്.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസുമായി ഏറ്റുമുട്ടും. ഹൈദരബാദ് രാജീവ്

ഗാന്ധി അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ നിലവിലെ ചാമ്പ്യൻമാരായ ചെന്നൈ സൂപ്പർ കിങ്സ് ഗുജറാത്ത് ടൈറ്റൻസിനെ 63 റൺസിന് പരാജയപ്പെടുത്തി.

✪✪✪

മാസപ്പടി കേസ് വിജിലൻസ് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് മാത്യു കുഴൽ നാടൻ MLA സമർപ്പിച്ച ഹർജി തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് പരിഗണിച്ചേക്കും. അഴിമതി നിരോധന നിയമത്തിന്റെ വകുപ്പ് ഉൾപ്പെടുത്തി അന്വേഷിക്കാവുന്ന ആരോപണങ്ങൾ ഹർജിയിൽ ഇല്ലെന്നും അതിനാൽ കേസ് തള്ളണമെന്നും വിജിലൻസ് ഡയറക്ടർ നേരത്തെ കോടതിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് അംഗീകരിച്ചിരുന്നില്ല. കരിമണൽ ഖനനത്തിന് CMRL കമ്പനിക്ക് വഴിവിട്ട് സഹായം നൽകിയെന്നും അതിന് പ്രത്യുപകാരമായാണ് മാസപ്പടി കൊടുത്തതെന്നുമാണ് മാത്യു കുഴൽ നാടന്റെ ആരോപണം.

✪✪✪

ഇടുക്കിയിലെ വിവിധ ജനവാസ കേന്ദ്രങ്ങളിൽ പുലർച്ചെ കാട്ടാനക്കൂട്ടമിറങ്ങി. ദേവികുളത്ത് തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾക്ക് സമീപമാണ് ആനകൾ ഇറങ്ങിയത്. ചിന്നക്കനാൽ സിങ്കുകണ്ടത്ത് ചക്കക്കൊമ്പൻ ഇറങ്ങിയതിനു പിന്നാലെ ദേവികുളത്ത് പടയപ്പയെന്ന കാട്ടാനയും ഇറങ്ങി. പടയപ്പ ലയങ്ങൾക്ക് സമീപം കൃഷി

നശിപ്പിച്ചതിനെ തുടർന്ന് സംഭവ സ്ഥലത്തെത്തിയ RRT സംഘം ആനയെ കാട്ടിലേക്ക് തുരത്തി.

✪✪✪

പോസ്റ്റർ ഒട്ടിക്കുന്നതിനിടെ കാട്ടാന ഓടിച്ചതിനെ തുടർന്ന് വീണു പരുക്കേറ്റയാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പത്തനംതിട്ട വടശേരിക്കര ബൗണ്ടറി ചെമ്പരത്തിമൂട്ടിൽ മജീഷ് മനോഹരൻ എന്നയാളെയാണ് ഇന്നലെ രാത്രി ബൗണ്ടറി ജംക്ഷന് സമീപം കാട്ടാന ഓടിച്ചത്.

✪✪✪

സ്വർണ വില വീണ്ടും 49,000 കടന്നു. പവന് ഇന്ന് 160 രൂപ ഉയർന്ന് 49,080 രൂപയായി. 6,135 രൂപയാണ് ഗ്രാം വില.

✪✪✪